# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 652 — 10.03.2015 ൽ മറുപടിക്ക്

## ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരമുള്ള ഓൺലൈൻ സർട്ടിഫിക്കറ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര ഓൺലൈൻ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) 02/03/2015 വരെ 1,06,63,049 സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം സംസ്ഥാനത്ത് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) ഏതെല്ലാം വകുപ്പുകളാണ് ഓൺലൈൻ വഴി സർട്ടിഫിക്കറ്റുകൾ അനുവദിച്ചതെന്നും ഓരോ വകുപ്പും എത്ര വീതം സർട്ടിഫിക്കറ്റുകൾ നൽകിയെന്നും വിശദമാക്കാമോ; | (ബി) നിലവിൽ ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ റവന്യൂ വകുപ്പിലെ 24 സർട്ടിഫിക്കറ്റ് സേവനങ്ങളാണ് ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന നല്കി വരുന്നത്. ഇതുവരെയായി 1,20,19,862 അപേക്ഷകൾ ലഭിച്ചതിൽ 1,06,63,049 സർട്ടിഫിക്കറ്റുകൾ നല്കിയിട്ടുണ്ട്. |
| (സി) ഇ-ഡിസ്ട്രിക്ട് പദ്ധതിക്കു കീഴിൽ പുതുതായി നൽകുവാൻ ഉദ്ദേശിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) ആർ.ടി.ഐ സേവനം വിപുലീകരിക്കൽ, പബ്ലിക് ഗ്രീവൻസസ്, റവന്യൂ കോർട്ട് കേസ്സ് തുടങ്ങിയ സേവനങ്ങളാണ് ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന ലഭ്യമാക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ